**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യത്തെ ആറ് മാസത്തേയ്ക്ക് പരമാവധി **965/-** രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ നഗരസഭകൾക്ക് അല്ലെങ്കിൽ ആർ.ആർ.എഫ്-ന്റെ ഉടമസ്ഥതയുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2725/2018/തസ്വഭവ                തിരുവനന്തപുരം, തീയതി 24.10.2018

പരാമർശം :-1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.09.2018 ലെ 2398/D/2015/SM നമ്പർ കത്ത്

2) 27.09.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 3.6

സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ ശരാശരി വരവും ചെലവും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ ശരാശരി ചെലവ് പ്രതിദിനം 2057.50/- രൂപയും വരവ് 1095/- രൂപയുമാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യത്തെ ആറ് മാസത്തേയ്ക്ക് പരമാവധി 965/- രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ നഗരസഭകൾക്ക് അല്ലെങ്കിൽ ആർ.ആർ.എഫ്-ന്റെ ഉടമസ്ഥതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാൻ 27.09.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2 മേൽ സാഹചര്യത്തിൽ, പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യത്തെ ആറ് മാസത്തേയ്ക്ക് പരമാവധി 965/- രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ നഗരസഭകൾക്ക് അല്ലെങ്കിൽ ആർ.ആർ.എഫ്-ന്റെ ഉടമസ്ഥതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെലവിനേക്കാൾ വരുമാനം കൂടുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം തുക നല്കേണ്ടതില്ല എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന )
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ